WEDNESDAY 02/10/2024 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer’s Welfare Department**

GOVERNMENT OF KERALA

**Chief Editor:** **Nizam S A** **Editor:** **Dr. Binu Harriet Ivan**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 02/10/2024

1. കർഷകർക്കായി വിവിധ കാർഷിക യന്ത്രോപകരണങ്ങളിൽ (ട്രാക്ടർ, പവർ ടില്ലർ, ഞാറ് നടീൽ യന്ത്രം, ഗാർഡൻ ടില്ലർ, പുല്ലുവെട്ടി യന്ത്രം, മരം മുറിക്കുന്ന യന്ത്രം. തെങ്ങുകയറ്റ യന്ത്രം) പ്രവൃത്തി പരിചയം നേടുന്നതിനും, അവയുടെ റിപ്പയർ, മെയിൻ്റനൻസ്, ഓപ്പറേഷൻ എന്നീ വിഭാഗങ്ങളിൽ പരിശീലനം നൽകുന്നതിന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ നിർദേശം നൽകിയിരിക്കുകയാണ്. കാർഷിക മേഖലയിൽ ഇത്തരം പരിശീലനത്തിന് താത്പര്യം ഉള്ളവരെ മാത്രം പരിഗണിച്ചുകൊണ്ട് 2024 ഒക്ടോബർ 17 മുതൽ ആരംഭിക്കുന്ന പരിശീലന പരിപാടിയിൽ ഓരോ ബാച്ചിലും 30 പേർ അടങ്ങുന്ന 5 ബാച്ചുകളായി റസിഡൻഷ്യൽ ട്രെയ്നിംഗ് നടത്തുവാനാണ് തീരുമാനിച്ചിരിക്കുന്നത്. പരിശീലനാർത്ഥികൾക്ക് താമസവും, ഭക്ഷണവും ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഇവിടെ ലഭ്യമാണ്, കേരളത്തിലെ 14 ജില്ലകളിൽ നിന്നും പരിശീലനത്തിന് താത്പര്യമുള്ളവർ 0471-2481763, 9383470315 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

2. ആഗോള തലത്തിൽ കാപ്പിയുടെ ഉപഭോഗം പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി അന്താരാഷ്ട്ര കോഫി ഓർഗനൈസേഷൻ്റെ നേതൃത്വത്തിൽ 2015 മുതൽ എല്ലാ വർഷവും ഒക്ടോബർ 1 അന്താരാഷ്ട്ര കാപ്പി ദിനമായി ആചരിച്ചു വരികയാണ്. കോഫി ബോർഡിൻ്റെ ആഭിമുഖ്യത്തിൽ ജില്ലയിലെ ഈ വർഷത്തെ അന്താരാഷ്ട്ര കാപ്പി ദിനാഘോഷം ആഘോഷിക്കുന്നതിൻ്റെ ഭാഗമായി 2024 ഒക്ടോബർ 3ന് രാവിലെ 10.30 നു സുൽത്താൻ ബത്തേരി നഗരസഭാ ടൗൺ ഹാളിൽ നടത്തപ്പെടുന്ന പരിപാടിയിൽ വയനാട് ജില്ലാ കളക്ടർ. ഡി. ആർ. മേഘശ്രീ IAS പങ്കെടുക്കുന്നതാണ്. പങ്കെടുക്കാൻ താൽപര്യമുള്ളവർ 9745217394 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. കൃഷി വകുപ്പ് നടപ്പിലാക്കുന്ന മില്ലെറ്റ് കഫേ പദ്ധതിയിൽ പാചക മേഖലയിൽ പ്രവീണ്യമുള്ള യുവാക്കളിൽ നിന്നും ദേശിയതല പരിശീലനത്തിന് അപേക്ഷ ക്ഷണിക്കുന്നു. ചെറുധാന്യങ്ങൾ ഉപയോഗിച്ച് തയ്യാറാക്കുന്ന വിഭവങ്ങളുടെ പാചക രീതികൾ സ്വായത്തമാക്കാൻ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മില്ലറ്റ് റിസർച്ച് (IIMR) ഹൈദരാബാദിലെ ന്യൂട്രി ഹബ്ബിൽ വച്ച് നടത്താൻ തീരുമാനിച്ചിരിക്കുന്ന ഒരാഴ്ചത്തെ പരിശീലന പരിപാടിയിൽ ഹോട്ടൽ മാനേജ്മെന്റ് ബിരുദധാരികളായ 30 വയസിൽ താഴെ പ്രായമുള്ളവർക്കാണ് അവസരം. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർക്ക് directorofmarketingagri@gmail.com എന്ന മെയിൽ വിലാസത്തിൽ ബയോഡാറ്റയും, പ്രവർത്തിപരിചയവും സഹിതം അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി ഒക്ടോബർ 5. കൂടുതൽ വിവരങ്ങൾക്ക് 9895788163 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

4. പ്രധാനമന്ത്രി മത്സ്യസമ്പദ യോജന പദ്ധതിയുടെ ഘടകപദ്ധതികളായ ലൈവ് ഫിഷ് വെൻഡിംഗ് സെൻറർ, അക്വേറിയം കിയോസ്ക്/ ഓർണമെന്റൽ ഫിഷ് എന്നിവ ഉൾപ്പെടെയുള്ള ഫിഷ് കിയോസ്ക് നിർമ്മാണം പദ്ധതികൾക്ക് അപേക്ഷ ക്ഷണിച്ചു. ലൈവ് ഫിഷ് വെൻഡിംഗ് സെൻറർ യൂനിറ്റിന് 20 ലക്ഷം രൂപയും ഫിഷ് കിയോസ്ക് നിർമ്മാണം പദ്ധതിക്ക് 10 ലക്ഷം രൂപയുമാണ് യൂണീറ്റ് ചെലവ്. അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി ഒക്ടോബർ 17ന് വൈകീട്ട് അഞ്ച് മണി. വിശദ വിവരങ്ങൾക്ക് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലോ ജില്ലയിലെ മത്സ്യഭവനുകളിലോ ബന്ധപ്പെടാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0497 2732340.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. തിരുവനന്തപുരം മ്യൂസിയം മൃഗശാലയുടെ നേതൃത്വ ത്തിൽ ഒക്ടോബർ 2 മുതൽ 8 വരെ നടക്കുന്ന വന്യജീവി വാരാഘോഷത്തിന്റെ ഭാഗമായി സ്കൂൾ-കോളജ് വിദ്യാർഥികൾക്കായി പെയിന്റിങ്, പോസ്റ്റർ രചന, ക്വിസ്, സംവാദ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9497875917, വെബ് സൈറ്റ് www.museumandzoo.kerala.gov.in

6. കേരളസര്ക്കാര് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പുതുതായി പരിശീലനം പൂര്ത്തിയാക്കിയ 440 എ ഹെൽപ്പർമാര് പ്രവര്ത്തനത്തിന് സജ്ജമായി. കുടുംബശ്രീ അംഗങ്ങളായ പശുസഖിമാരെയാണ് പതിനേഴു ദിവസം കൊണ്ട് പരിശീലനം പൂര്ത്തിയാക്കി അക്രഡിറ്റ് ചെയ്ത് എ-ഹെൽപ്പായി മാറ്റുന്നത്. മൃഗസംരക്ഷണമേഖലയിലെ വിവിധ പ്രവര്ത്തനങ്ങൾ കര്ഷകരുടെ അടുക്കൽ എത്തിയ്ക്കുകയും, കര്ഷകരുടെ ആവശ്യങ്ങൾ നിറവേറ്റാനുള്ള സഹായങ്ങൾ നൽകുകയും ചെയ്യുക എന്നതാണ് എ ഹെൽപ്പിൽ നിന്നും പ്രതീക്ഷിയ്ക്കുന്ന സേവനങ്ങൾ. മൃഗാരോഗ്യസംരക്ഷണത്തിനും, ഉൽപ്പാദന വര്ദ്ധനവിനും ഉതകുന്ന വിജ്ഞാന വ്യാപന പ്രവര്ത്തനങ്ങളാണ് എ ഹെൽപ്പ് കൊണ്ട് വിഭാവനം ചെയ്യുന്നത്. സേവനങ്ങൾ നൽകുന്നതിനനുസരിച്ച് എ ഹെൽപ്പിന് ചെറിയ തോതിലുള്ള ഫീസും സര്ക്കാര് നിശ്ചയിച്ചിട്ടുണ്ട്. കേന്ദ്രസര്ക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നടത്തുന്ന പരിശീലന പരിപാടി നടത്തുന്നത് മൃഗസംരക്ഷണ വകുപ്പിന്റെ പരിശീലനകേന്ദ്രങ്ങളാണ്. കുടപ്പനക്കുന്ന്, തിരുവല്ല, തലയോലപ്പറമ്പ്, വാഗമൺ, ആലുവ, മലമ്പുഴ, മുണ്ടയാട്, സുൽത്താൻബത്തേരി എന്നീ സ്ഥലങ്ങളിലെ ലൈവ്സ്റ്റോക്ക്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററുകൾ ആണ് പരിശീലനം നൽകുന്നത്. കൂടുതൽ വിവരങ്ങൾക്ക് ഡോ. സുനിൽ കുമാർ പ്രിൻസിപ്പൽ ട്രെയിനിങ് ഓഫീസർ, ലൈവ്സ്റ്റോക്ക് മാനേജമെന്റ് ട്രെയിനിങ് സെന്റർ, കുടപ്പനക്കുന്ന് ഫോൺനമ്പർ 949-590-2020

**പരിശീലന പരിപാടി**

7. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാന കേന്ദ്രവും എഫ്.എ സി. ടിയും സംയുക്തമായി 05.10.2024ന് രാവിലെ 10 മണി മുതൽ നാല് മണിവരെ മണ്ണ് സംരക്ഷണം, മണ്ണിന്റെ ആരോഗ്യ പരിപാലനം, സംയോജിത വളപ്രയോഗം എന്നീ വിഷയങ്ങളിൽ കർഷകർക്കായി ഒരു ഏകദിന പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താത്പ്പര്യമുള്ളവർ 0466 2212279, 0466 29122008, 6282937809 എന്നീ ഫോൺ നമ്പറിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം